**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 300** **04-08-2021 - ൽ മറുപടിയ്ക്ക്**

**രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ വി ജോയി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനങ്ങൾ കൂടുതൽ ശാക്തീകരിക്കുന്നതിനുമായി രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ നടപ്പിലാക്കി വരുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നവയാണ്. 1. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പര്യാപ്തമാവും വിധം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണ ശേഷി വർദ്ധിപ്പിക്കുക. 2. പഞ്ചായത്തുകൾക്ക് ലഭ്യമായ വിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിച്ച് കൊണ്ടും മറ്റ് പദ്ധതികളുമായി സംയോജിപ്പിച്ച് കൊണ്ടും എല്ലാവരെയും ഉൾചേർത്തു കൊണ്ടുള്ള പ്രാദേശിക ഭരണം നടത്താനുള്ള ശേഷി വർദ്ധിപ്പിക്കുകയും ഇത് വഴി ദേശീയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും ചെയ്യുക. 3. ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുക. 4. പഞ്ചായത്ത് രാജ് സംവിധാനത്തിനകത്ത് ജനകീയ പങ്കാളിത്തത്തിന്റെ വേദിയായി മാറാനുള്ള ഗ്രാമസഭകളുടെ ശേഷി വർദ്ധിപ്പിക്കുക. 5. പഞ്ചായത്തുകളുടെ കാര്യശേഷി വികസനത്തിന് സഹായകമാകും വിധത്തിൽ മികവിന്റെ കേന്ദ്രങ്ങളായ പരിശീലന സ്ഥാപനങ്ങൾ വളർത്തിയെടുക്കുക. 6. വിവധ തലങ്ങളിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കാര്യശേഷി വികസനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയും അവയെ അടിസ്ഥാന സൗകര്യങ്ങൾ, മനുഷ്യ വിഭവശേഷി, ഫലപ്രദമായ പരിശീലനം എന്നിവയിൽ മതിയായ നിലവാരം |

| | | | |
|---|---|---|---|
| | | | പുലർത്തും വിധം പ്രവർത്തിക്കാൻ സജ്ജമാക്കുകയും ചെയ്യുക. 7. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സദ്ഭരണം നടത്തുന്നതിനും ഭരണ മികവ് വർദ്ധിപ്പിക്കുന്നതിനും സഹായിക്കുക. 8. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. |
| (സി) | പദ്ധതി പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതിനും ത്രിതല പഞ്ചായത്തുകളുടെ സ്ഥാപനശേഷി, കാര്യശേഷി എന്നിവ വികസിപ്പിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുന്നതുൾപ്പെടെ പഞ്ചായത്തുകളുടെ സ്ഥാപനശേഷി വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്ത് പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുക, സംസ്ഥാന പഞ്ചായത്ത് / ജില്ലാ പഞ്ചായത്ത് റിസോഴ്സ് കേന്ദ്രങ്ങൾ സ്ഥാപിക്കുക, പഞ്ചായത്ത് ഭവനുകളുടെ നിർമ്മാണത്തിന് ധനസഹായം അനുവദിക്കുക, പഞ്ചായത്ത് ഭവനുകളുടെ അറ്റകുറ്റ പണികൾക്ക് ധനസഹായം അനുവദിക്കുക എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. ത്രിതല പഞ്ചായത്തുകളുടെ കാര്യശേഷി വികസിപ്പിക്കുന്നതിനായി പരിശീലന പരിപാടികൾ RGSA പദ്ധതിയിൽ ഉൾപ്പെടുത്തി കില മുഖേന നടപ്പിലാക്കി വരുന്നു. പരിശീലന പരിപാടികളുടെ വിശദ വിവരങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവയിലെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കായുള്ള പരിശീലനം.
2. വകുപ്പുകളിലെ ജില്ലാതലം, ബ്ലോക്ക്തലം, പഞ്ചായത്ത്തലം എന്നിവയിലെ ഉദ്യോഗസ്ഥർക്കും അവയിലെ ഫീൽഡ്തല ഉദ്യോഗസ്ഥർക്കുമായുള്ള പരിശീലനം
3. നവകേരള കർമ്മപരിപാടി, സംയോജിത കാര്യശേഷി വികസനത്തിനായുള്ള ശില്പശാലകൾ നടത്തുക.
4. ജൈവവൈവിധ്യ സമിതികൾക്കായുള്ള പരിശീലനം
5. ഉദ്യോഗക്കയറ്റം ലഭിച്ച ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കായുള്ള പരിശീലനം.
6. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തിലെ ക്ലർക്കുമാർക്കായുള്ള പ്രാരംഭ പരിശീലനം.
7. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ വിവിധ വികസന മിഷനുകളുമായി സംയോജിപ്പിക്കുന്ന പരിശീലനം.
8. മാതൃകാ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷനായുള്ള വിവര-വിജ്ഞാന വ്യാപന പരിശീലനം.
9. സാമ്പത്തിക മാനേജ്മെന്റ് - ജില്ലാ പഞ്ചായത്ത് അക്കൗണ്ടന്റ്മാർക്കായുള്ള പരിശീലനം.
10. സോഫ്റ്റ് വെയർ പരിശീലനം - ഇ ആർ പി ഫേസ്.
11. ഡബിൾ എൻട്രി അക്കൗണ്ടിംഗ് & സാംഖ്യ – ബ്ലോക്ക്പഞ്ചായത്ത്അക്കൗണ്ടന്റ്മാർക്കായുള്ള പരിശീലനം
12. ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർക്കായുള്ള സോഷ്യൽ ഓഡിറ്റ് പരിശീലനം
13. പഞ്ചായത്ത് രാജ് സ്ഥാപന ഉദ്യോഗസ്ഥർക്കായുള്ള മാലിന്യ സംസ്കരണ പരിശീലനം
14. സ്ഥായിയായ നൂതന പദ്ധതികളുടെ ആവിഷ്കാരത്തിനായുള്ള പരിശീലനം
15. കുടുംബശ്രീ പ്രസ്ഥാനത്തിന്റെ സി ഡി എസ് മെമ്പർമാർ, സെക്രട്ടറിമാർ, എ ഡി എസ് മെമ്പർമാർ, സബ് കമ്മിറ്റി കൺവീനർമാർ, എന്നിവർക്കുള്ള പരിശീലനങ്ങൾ.
16. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, പെർഫോമൻസ് ഓഡിറ്റ് വിഭാഗം എന്നിവർക്കായുള്ള റിഫ്രഷർ ട്രെയിനിംഗ്
17. ഇലക്ഷൻ നടപടിക്രമങ്ങളുടെ പരിശീലനം
18. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനായുള്ള പരിശീലനം
19. മൃദുവൈദഗ്ധ്യങ്ങൾ, പൊതുഭരണം, എന്നിവയിലുള്ള പരിശീലനം
20. കോഹ (വായനശാലകളുടെ നടത്തിപ്പിന്) ഡി-സ്പേസ്, എന്നിവ സംബന്ധിച്ചുള്ള പരിശീലനം
21. യോഗ നടത്തിപ്പിനായുള്ള പരിശീലനം
22. ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കുമായുള്ള അടിസ്ഥാന കമ്പ്യൂട്ടർ പരിശീലനം
23. ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥർക്കായുള്ള മാനേജ്മെന്റ് ശേഷി വികസന പരിശീലനം
24. കാര്യ ശേഷി വികസന സന്ദർശനങ്ങൾ
25. പരിശീലന മോഡ്യൂളുകൾ തയ്യാറാക്കൽ
26. പരിശീലന അവലോകനം

Pradeep Kumar

Section Officer.